**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5276** **21-07-2022 - ൽ മറുപടിയ്ക്ക്**

**ഖത്തറിൽ എം.ജി. സർവകലാശാലയുടെ ഓഫ് ഷോർ ക്യാമ്പസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. റോജി എം. ജോൺ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | എം. ജി. സർവ്വകലാശാല ഖത്തറിൽ ഓഫ് ഷോർ ക്യാമ്പസ് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ നിലവിലെ അക്കാദമിക വർഷം ആരംഭിക്കുമോയെന്ന് വ്യക്തമാക്കുമോ; | (എ) | എം. ജി. സർവ്വകലാശാല ഖത്തറിൽ ഓഫ് ഷോർ ക്യാമ്പസ് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രോഗ്രാമുകൾ സംബന്ധിച്ച് Ministry of Education, Quatar-ന്റെ അന്തിമ അനുമതിക്ക് വിധേയമായി ക്യാമ്പസിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും ആയത് ഈ അക്കാദമിക വർഷം തന്നെ തുടങ്ങുന്നതിനുമുള്ള ശ്രമ ങ്ങൾ ഊർജിതമായി നടന്നു വരുന്നു. |
| (ബി) | പ്രസ്തുത ഓഫ് ഷോർ ക്യാമ്പസ് ആരംഭിക്കുവാൻ സംസ്ഥാന, കേന്ദ്ര സർക്കാരുകളുടെയും യു.ജി.സി.യുടെയും അനുമതി ലഭിച്ചിട്ടുണ്ടോ; | (ബി) | ഓഫ് ഷോർ ക്യാംപസ് ആരംഭിക്കുന്ന തിനു സംസ്ഥാന-കേന്ദ്ര സർക്കാരുകളുടെയും, UGC-യുടെയും അനുമതി ലഭിച്ചിട്ടുണ്ട്. |
| (സി) | ഏതെല്ലാം കോഴ്സുകളാണ് ആരംഭിക്കുന്നതെന്നും സർവ്വകലാശാല നേരിട്ടാണോ ക്യാമ്പസ് നിയന്ത്രിക്കുന്നതെന്നും ക്യാമ്പസിലെ നിയമനങ്ങൾ നടത്തുന്നതിന് ആരെയാണ് ചുമതലപ്പെടുത്തുന്നതെന്നും അറിയിക്കാമോ; | (സി) | Management, Commerce, IT, Special Education, Tourism എന്നീ മേഖലകളിലെ UG പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനുള്ള മുൻഗണന Quatar Ministry ചർച്ചകളിൽ വ്യക്തമാക്കിയിട്ടുള്ളതിൻ പ്രകാരം, ടി പ്രോഗ്രാമുകളുടെ ലിസ്റ്റ് അന്തിമമാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. ക്യാമ്പസിന്റെ അക്കാദമിക ചുമതല കളും നിയന്ത്രണവും മഹാത്മാഗാന്ധി സർവകലാശാലയും നിയമനങ്ങൾ ഉൾപ്പടെയുള്ള അഡ്മിനിസ്ട്രേറ്റീവ് ചുമതലകൾ Quatar ഗവണ്മെന്റ് നിയോഗിച്ചിട്ടുള്ള educational agency യും നിർവ്വഹിക്കുന്നതിനുള്ള ധാരണകളാണ് ചർച്ചകളിൽ ഉരുത്തിരിഞ്ഞിട്ടുള്ളത്. ഇപ്രകാരം MOU തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| (ഡി) | ക്യാമ്പസിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കും തുടർ പ്രവർത്തനങ്ങൾക്കും എത്ര തുക ചെലവാകുമെന്നും യു.ജി.സി.യിൽ നിന്നും ധനസഹായം പ്രതീക്ഷിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ? | (ഡി) | ക്യാമ്പസിന്റെ പ്രാരംഭ പ്രവർത്തനത്തിനും തുടർപ്രവർത്തനങ്ങൾക്കുമുള്ള തുകയെക്കുറിച്ച് Qatar ഗവണ്മെന്റ് നിയോഗിച്ചിട്ടുള്ള Educational Agency |

| | | | |
|---|---|---|---|
| | | | യുമായി ചേർന്ന് ചർച്ച ചെയ്തു വരുന്നു. UGC യിൽ നിന്ന് ധനസഹായം പ്രതീക്ഷിക്കുന്നില്ല . |

സെക്ഷൻ ഓഫീസർ